# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, വെള്ളായണി

നം. ഇ.എസ് (1)/12713/2024 തീയതി : 08.11.2024

**<u>വിജ്ഞാപനം</u>**

വെള്ളായണി കാർഷിക കോളേജിലെ വിവിധ വിഭാഗങ്ങളിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നതിന് തിരുവനന്തപുരത്തുള്ള കാർഷിക കോളേജ്, വെള്ളായണിയിൽ വച്ച് യൂണിവേഴ്സിറ്റി ചട്ടങ്ങൾക്കനുസൃതമായി വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഭാഗം | എണ്ണം | യോഗ്യതകൾ | | ശമ്പളം | തീയതി, സമയം |
|---|---|---|---|---|---|---|
| | | | അടിസ്ഥാന യോഗ്യത | അഭിലഷണീയ യോഗ്യത | | |
| 1 | പോസ്റ്റ് ഹാർവെസ്റ്റിംഗ് മാനേജ്മെന്റ് വിഭാഗം | 1 | M.Sc Horticulture (Post Harvest Technology/Processing Technology/Post Harvest Management) Recognized by KAU with a minimum 55% marks+NET | Ph.D, ഒരു വർഷത്തിൽ കുറയാതെ അധ്യാപക പ്രവർത്തി പരിചയം | 44,100/- | 22.11.2024, രാവിലെ 10.00 മണി. |
| 2 | അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് വിഭാഗം | 2 | M.Tech in Agricultural Engineering Recognized by KAU+ NET | | | 22.11.2024, ഉച്ചക്ക് 02.00 മണി. |
| 3 | ജെനിറ്റിക്സ് & പ്ലാന്റ് ബ്രീഡിംഗ് വിഭാഗം. | 3 | M.Sc-Ag. (Genetics and Plant Breeding/Plant Breeding and Genetics) Recognized by KAU+NET | | | 23.11.2024, ഉച്ചക്ക് 02.00 മണി. |

താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, വയസ്സ്, ജാതി തുടങ്ങിയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം അഭിമുഖത്തിന് കാർഷിക കോളേജ്, വെള്ളായണി ഡീനിന്റെ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.

**<u>വ്യവസ്ഥകളും നിബന്ധനകളും</u>**

- <u>നിയമനരീതി:</u> നിയമനം പൂർണ്ണമായും താല്കാലികവും കരാർ അടിസ്ഥാനത്തിലും ആയിരിക്കും. ഒരു വർഷത്തേക്കോ, സ്ഥിരം നിയമനം/സ്ഥലംമാറ്റം മുഖേന ഒഴിവു നികത്തൽ നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കും. കരാർ കാലാവധി അവസാനിച്ചതിനുശേഷം പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

- വയസ്സ് 01/12/2024-ന് പരമാവധി 40 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് നിലവിലുള്ള സർക്കാർ ചട്ടങ്ങൾക്കനുസരിച്ച് പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്.
- നെറ്റ് യോഗ്യതയുള്ള ഉദ്യോഗാർത്ഥിയുടെ അഭാവത്തിൽ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്ത ബിരുദമുള്ളവരെയും പരിഗണിക്കും.
- അഭിമുഖത്തിൽ പങ്കെടുക്കുന്നതിന് TA/DA നൽകുന്നതല്ല.
- ശമ്പളം : പ്രതിമാസ പ്രതിഫലം 44,100/- രൂപ (നാൽപ്പത്തിനാലായിരത്തി ഒരുന്നൂറ് രൂപ മാത്രം) മൊത്തം തുകയായി നിശ്ചയിച്ചിരിക്കുന്നു. വേതനം ലഭിക്കുന്നതല്ലാതെ മറ്റൊരു അവകാശവും ടി വ്യക്തിക്ക് സർവ്വകലാശാലയിൽ ഉണ്ടായിരിക്കുന്നതല്ല.
- ഒരു പ്രത്യേക വിഷയത്തിൽ അഭിമുഖത്തിൽ പങ്കെടുക്കുന്നവരുടെ എണ്ണം 25-ൽ കൂടുതൽ ആണെങ്കിൽ അഭിമുഖം ആരംഭിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട വിഷയത്തിൽ ഒരു എഴുത്ത് പരീക്ഷ നടത്തുന്നതായിരിക്കും.
- തെരഞ്ഞെടുക്കപ്പെടുന്നയാൾ KAU Act/Statute അനുസരിച്ച് ആ തസ്തികയിൽ നിഷ്കർഷിച്ചിട്ടുള്ള ചുമതലകൾ എല്ലാം തന്നെ നിർവ്വഹിക്കേണ്ടതാണ്.
- കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് പ്രൊഫസർ (കരാർ) കരാർ നിയമ വ്യവസ്ഥകൾ പ്രകാരമുള്ള ഉടമ്പടി നൽകേണ്ടതാണ്.

8/11/24.

ഡോ. റോയ് സ്റ്റീഫൻ
ഡീൻ ഓഫ് ഫാക്കൽറ്റി